## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - വയനാട് ജില്ലാ മിഷൻ കോ ഓർഡിനേറ്ററുടെ ഓഫീസിലെ പാർട്ട് ടൈം - സ്വീപ്പർ, ശ്രീ. സി.എ മുസ്തഫയ്ക്ക് 9-ാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ)നം. 76/2014/തസ്വഭവ. തിരുവനന്തപുരം, തീയതി, 07/01/2014

---

പരാമർശം (1) സ.ഉ. (സാധാ) നം.894/2006/തസ്വഭവ.തീയതി, 29/03/2006
(2) കുടുംബശ്രീഎക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.04.2006 ലെ കെ.എസ്/ഇ/600/2004(ഇ) നമ്പർ നടപടി ക്രമം.
(3) WP(C) 2773/2006-ാം നമ്പർ കേസിൽ 24/01/08 ലെ കേരളാ ഹൈക്കോടതിയുടെ വിധിന്യായം
(4) സ. ഉ (സാധാ)നം. 1716/08/തസ്വഭവ തീയതി 13.06.2008.
(5) ശ്രീ. സി.എ മുസ്തഫയുടെ 08.07.2013, ലെ നിവേദനം.
(6) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കെ.എസ്/ഇ/672/2007 നമ്പർ കത്ത്
(7) സ. ഉ. (പി) നം. 85/2011/ധന തീയതി 26.02.2011

### ഉത്തരവ്

പരാമർശം ഒന്ന് സർക്കാർ ഉത്തരവ് പ്രകാരം വയനാട് ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് (1250 +ഡി.എ) ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം രണ്ട് പ്രകാരം വയനാട് ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ഓഫീസിൽ 600/- രൂപ (കൺസോളിഡേറ്റ് ) വേതനത്തിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തിരുന്ന ശ്രീ. സി.എ മുസ്തഫയെ പി.റ്റി.എസ് ആയി ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ ജോലിയിൽ തുടരാൻ അനുവദിച്ച് ഉത്തരവായിരുന്നു. പരാമർശം മൂന്നിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം നാല് പ്രകാരം ശ്രീ. സി. മുസ്തഫയുടെ സർവ്വീസ് 18.06.2001 മുതൽ ക്രമീകരിക്കുകയും ടി തിയതി മുതൽ ശമ്പള കുടിശ്ശിക നൽകാനും ഉത്തരവായിരുന്നു. ശ്രീ. സി.എ മുസ്തഫയുടെ സൂചന അഞ്ചിലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) ലെ സർക്കാർ ഉത്തരവിന്റെ ആനുകൂല്യങ്ങൾ ടിയാന് ലഭ്യമാക്കണമെന്ന് പരാമർശം 6 ലെ കത്തു പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 9-ാം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ കുടുംബശ്രീയിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീ. സി. എ മുസ്തഫയ്ക്ക് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
എസ്. വേണുഗോപാലൻ നായർ,
ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. സി.എ മുസ്തഫ, പാർട്ട് ടൈം - സ്വീപ്പർ, ഡി.എം.സി ഓഫീസ്, വയനാട്.
എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.